# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2720** — **20/03/2015** -ൽ മറുപടിക്ക്

## കായിക വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ശിവൻകുട്ടി** | **ശ്രീ. പി.കെ.അബ്ദു റബ്ബ്**<br>**(ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂളിലേയും കണ്ണൂർ ജി.വി.എച്ച്.എസ് സ്പോർട്സ് സ്കൂളിലേയും അടിസ്ഥാന സൗകര്യവികസനത്തിനായി 2014-2015 -ലെ ബജറ്റിൽ നീക്കിവച്ചിരുന്ന 8 കോടി രൂപ വിനിയോഗിച്ച് പ്രസ്തുത കായിക വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യങ്ങളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | (എ) തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 8 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ 4202-01-800-91 Plan onetime ACA എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു. ടി തുകയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 05.09.2014 -ലെ ജി.ഒ (ആർ.ടി) നം.3567/2014/പൊ.വി. ഉത്തരവനുസരിച്ച് പ്ലാനിംഗ് കമ്മീഷനിൽ നിന്നും അനുമതി നേടിയശേഷം മാത്രമേ ടി തുകയുടെ വിനിയോഗം നടത്താവൂ എന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി തുക കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ, അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

Sindhu

**സെക്ഷൻ ഓഫീസർ**